AISSE 2019- MALAYALAM

MARKING SCHEME

CODE : 012

Strictly Confidential: (For Internal and Restricted use only)
Senior School Certificate Examination
March 2019
Marking Scheme – Malayalam (Code: 012)

General Instructions: -

1. You are aware that evaluation is the most important process in the actual and correct assessment of the candidates. A small mistake in evaluation may lead to serious problems which may affect the future of the candidates, education system and teaching profession. To avoid mistakes, it is requested that before starting evaluation, you must read and understand the spot evaluation guidelines carefully. **Evaluation is a 10-12 days mission for all of us. Hence, it is necessary that you put in your best efforts in this process.**
2. Evaluation is to be done as per instructions provided in the Marking Scheme. It should not be done according to one's own interpretation or any other consideration. Marking Scheme should be strictly adhered to and religiously followed. **However, while evaluating, answers which are based on latest information or knowledge and/or are innovative, they may be assessed for their correctness otherwise and marks be awarded to them.**
3. The Head-Examiner must go through the first five answer books evaluated by each evaluator on the first day, to ensure that evaluation has been carried out as per the instructions given in the Marking Scheme. The remaining answer books meant for evaluation shall be given only after ensuring that there is no significant variation in the marking of individual evaluators.
4. If a question has parts, please award marks on the right-hand side for each part. Marks awarded for different parts of the question should then be totaled up and written in the left-hand margin and encircled.
5. If a question does not have any parts, marks must be awarded in the left hand margin and encircled.
6. If a student has attempted an extra question, answer of the question deserving more marks should be retained and the other answer scored out.
7. No marks to be deducted for the cumulative effect of an error. It should be penalized only once.
8. A full scale of marks 1-80 has to be used. Please do not hesitate to award full marks if the answer deserves it.
9. Every examiner has to necessarily do evaluation work for full working hours i.e. 8 hours every day and evaluate 25 answer books per day.
10. Ensure that you do not make the following common types of errors committed by the Examiner in the past:-
    - Leaving answer or part thereof unassessed in an answer book.
    - Giving more marks for an answer than assigned to it.
    - Wrong transfer of marks from the inside pages of the answer book to the title page.
    - Wrong question wise totaling on the title page.
    - Wrong totaling of marks of the two columns on the title page.
    - Wrong grand total.
    - Marks in words and figures not tallying.
    - Wrong transfer of marks from the answer book to online award list.
    - Answers marked as correct, but marks not awarded. (Ensure that the right tick mark is correctly and clearly indicated. It should merely be a line. Same is with the X for incorrect answer.)
    - Half or a part of answer marked correct and the rest as wrong, but no marks awarded.

11. While evaluating the answer books if the answer is found to be totally incorrect, it should be marked as (X) and awarded zero (0) Marks.

12. Any unassessed portion, non-carrying over of marks to the title page, or totaling error detected by the candidate shall damage the prestige of all the personnel engaged in the evaluation work as also of the Board. Hence, in order to uphold the prestige of all concerned, it is again reiterated that the instructions be followed meticulously and judiciously.

13. The Examiners should acquaint themselves with the guidelines given in the Guidelines for spot Evaluation before starting the actual evaluation.

14. Every Examiner shall also ensure that all the answers are evaluated, marks carried over to the title page, correctly totaled and written in figures and words.

15. The Board permits candidates to obtain photocopy of the Answer Book on request in an RTI application and also separately as a part of the re-evaluation process on payment of the processing charges.

MARKING SCHEME

AISSE MALAYALAM -2019

CODE : 012

അനുവദിച്ച സമയം :- **3** മണിക്കൂർ		ആകെ മാർക്ക് : **80**
Section - A / എ വിഭാഗം - Reading Comprehension.		
I. Comprehension passage. Note: No mark(s) should be deducted for mistakes in usage and grammar, spelling or word limit. Full marks may be awarded if a student has been able to identify the core ones. If a student literally lifts a portion of the given passage as an answer to a question, no mark(s) to be deducted for this as long as it is relevant.		**(10)**
(1)	പശ്ചിമഘട്ടത്തിലെമ്പാടുമായി നടന്ന ആയിരക്കണക്കിനു ഉരുൾപൊട്ടലുകളും മണ്ണിടിച്ചിലുകളുമാണ് പ്രളയദുരന്തത്തോടൊപ്പം കേരളം നേരിട്ട പാരിസ്ഥിതികാഘാതങ്ങൾ.	2
(2)	മണ്ണും പാറകളും ചേർന്ന മിശ്രിതം ജലപൂരിതാവസ്ഥയിൽ കുന്നിൻചെരുവുകളിൽനിന്ന് അതിവേഗത്തിൽ ശക്തമായി താഴേക്കു പതിക്കുന്നു. ഇതാണ് ഉരുൾപൊട്ടൽ.	2
(3)	കണ്ണൂർ തൊട്ട് പത്തനംതിട്ട വരെ ആയിരത്തോളം ഉരുൾപൊട്ടലുകൾ ഈ മൺസൂൺ കാലഘട്ടത്തിലുണ്ടായി.	1
(4)	നൂറുകണക്കിനുവരുന്ന ജീവനാശത്തിനും ഏക്കർ കണക്കിനു കൃഷിഭൂമി അപ്രത്യക്ഷമാകുന്നതിനും നിരവധി വീടുകളുടെ തകർച്ചയ്ക്കും ഇവ കാരണമായി. പ്രത്യക്ഷജീവഹാനികൾക്കും സാമ്പത്തികനഷ്ടങ്ങൾക്കുമപ്പുറം വരാനിരിക്കുന്ന എത്രയോ തലമുറകളെ പ്രതികൂലമായി ബാധിക്കാം ഈ പാരിസ്ഥിതികാഘാതം. അതുകൊണ്ട് അവയെ ഗൗരവത്തോടെ കാണണം	3
(5)	ഖണ്ഡികയുമായി ബന്ധപ്പെട്ട ഏതു ശീർഷകത്തിനും മുഴുവൻ മാർക്കും നൽകാം.	2

SECTION- B. WRITING
ബി വിഭാഗം

WRITING SKILLS.

Note:- The objective of this section is to test a candidate's writing ability. Hence expression assumes as much importance as the content of answer. **(16)**

2	**ഉപന്യാസരചന**	
		1
	ആമുഖം	**4**
	ഉള്ളടക്കം, ആശയം.	**2**
	ഭാഷാശൈലി, അവതരണരീതി, ഖണ്ഡികാകരണം	**1**
	ഉപസംഹാരം	

(a)	***നവകേരളം എങ്ങനെ സാധ്യമാക്കാം.*** ആമുഖം. നവകേരളം എന്ന സങ്കൽപ്പം. പ്രളയാനന്തരം ഈ സങ്കൽപത്തിനു കൈവന്ന പ്രാധാന്യം–ഏതെല്ലാം മേഖലകളിൽ– പരിസ്ഥിതി, കൃഷി, വിദ്യാഭ്യാസം, വ്യവസായം തുടങ്ങിയവ. സർക്കാരിന്റെയും സന്നദ്ധസംഘടനകളുടെയും പ്രസക്തി. നവകേരളം..ഒരു നവോത്ഥാനത്തിന് ആഹ്വാനം.	
(b)	***ഭൂമിയുടെ നിലനിൽപ്പിന് പ്ലാസ്റ്റിക് ഉയർത്തുന്ന വെല്ലുവിളി*** ആമുഖം. പ്ലാസ്റ്റിക് ശാസ്ത്രത്തിന്റെ വലിയ അനുഗ്രഹം... ഗുണത്തേക്കാൾ ദോഷം എന്ന വർത്തമാനകാലസ്ഥിതി ഉയർത്തുന്ന വെല്ലുവിളികൾ. വായു, ജലം, മണ്ണ് തുടങ്ങിയവയ്ക്ക് ഏൽപ്പിക്കുന്ന പാരിസ്ഥിതിക ആഘാതങ്ങൾ, പുനരുപയോഗം, പുന:ചംക്രമണം തുടങ്ങിയ പരിഹാരമാർഗ്ഗങ്ങളും ബോധവൽക്കരണവും.	
(c)	***മാധ്യമങ്ങൾ യുവജനങ്ങളിൽ ചെലുത്തുന്ന സ്വാധീനം.*** ആമുഖം പരമ്പരാഗതമാധ്യമങ്ങളിൽ നിന്നും നവമാധ്യമങ്ങളിലേക്കുള്ള വളർച്ച. നവമാധ്യമങ്ങളുടെ സ്വാധീനം യുവാക്കളിൽ, ഗുണങ്ങൾ – അതിരുകളില്ലാത്ത ലോകത്തേക്ക്, ദോഷങ്ങൾ, ആശയരൂപീകരണവും പങ്കുവെയ്ക്കലും, സൈബർ കുറ്റകൃത്യങ്ങൾ.	

3	**<u>കത്ത്</u>** **<u>രൂപഘടന</u>** പ്രേഷകൻ/ പ്രേഷിതൻ, മേൽവിലാസം സ്വീകർത്താവ്/ഗ്രാഹകൻ മേൽവിലാസം [മേൽവിലാസം എന്നു മാത്രം എഴുതുന്നതിനു പകരം മേൽവിലാസഘടകങ്ങളായ പേര്,വീട്ടുപേര്/ഓഫീസിന്റെ പേര്, സ്ഥലം, പോസ്റ്റ് ഓഫീസ്, പിൻകോഡ് എന്നിവ എഴുതിയാൽ നന്ന്] അഭിസംബോധന, വിഷയസൂചനകൾ, ആമുഖം – കത്തിന്റെ ശരീരം – ഉപസംഹാരം, ഉപചാരവാക്ക്, ഒപ്പ് പേര്. സ്ഥലം തീയതി **<u>ഉള്ളടക്കം</u>** കത്തിന്റെ ശരീരം. (ഖണ്ഡികതിരിച്ച്, വിഷയത്തിൽ ഒതുങ്ങുന്നതും ആവശ്യങ്ങൾ സമർത്ഥിക്കപ്പെടുന്നതുമായിരിക്കണം. ലഹരി മരുന്നുകളുടെ വ്യാപകമായ ഉപയോഗം– വിപണന തന്ത്രങ്ങൾ– യുവതലമുറയെ, പ്രത്യേകിച്ചു വിദ്യാർത്ഥികളെ സ്വാധീനിക്കാനുള്ള മാർഗ്ഗങ്ങൾ–പ്രത്യാഘാതങ്ങൾ– പരിഹാര മാർഗ്ഗങ്ങൾ – ബോധവൽക്കരണം. ആശയപ്രകാശനം, ഭാഷാശൈലി, അവതരണരീതി, വിഷയപ്രതിബദ്ധത, സമർത്ഥനം	**(3)** **(3)** **(2)**
	SECTION-C-GRAMMAR **സി.വിഭാഗം**	
	GRAMMAR Note:- In grammar section marks may be awarded only for the correct answers according to the marking scheme. Marks to be deducted for the errors, spelling mistakes and construction of sentences. **(17)**	
4 (a)	**പ്രയോഗം**	

(i)	നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ അവളാൽ പറയപ്പെടുമായിരുന്നു.	1
(ii)	അയാളാൽ പാണ്ഡവർക്ക് ചൂഡാമണി കൊടുക്കപ്പെട്ടു.	1
(b) (i)	**അംഗവാക്യം** – സാന്താമായി ഒരു മഹർ ആണെന്നു മനസ്സിലാക്കിയപ്പോൾ **അംഗിവാക്യം** – ചെരുപ്പുകുത്തി ചെരുപ്പു തുന്നാൻ കൂട്ടാക്കിയില്ല.	½ + ½
(ii)	**അംഗവാക്യം** –ഏറെക്കാലം മകന്റെ സംഭാവന കൊണ്ടു സുഖിക്കാൻ കഴിയുന്നതിനു മുൻപ് **അംഗിവാക്യം** –ആ തള്ള നിത്യശാന്തിയും തേടി മണ്ണിന്നടിയിലേക്കു പോയി.	½ + ½
(c) (i)	**പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക.** (ശരിയായി പിരിച്ചെഴുതിയിട്ടില്ലെങ്കിൽ സന്ധി ശരിയായാലും മാർക്ക് നൽകാൻ പാടില്ല.) തായ് + തടി ദ്വിത്വസന്ധി	 ½ + ½
(ii)	സുഖ + ഉദയം ഗുണസന്ധി, (സംസ്കൃതസന്ധി സ്വരസന്ധി എന്നിവയ്ക്കും മാർക്കു നൽകാം)	½ + ½
(d) (i)	**വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക.**(ശരിയായി വിഗ്രഹിച്ചിട്ടില്ലെങ്കിൽ സമാസം ശരിയാണെങ്കിലും മാർക്ക് നൽകാൻ പാടില്ല. അക്ഷരത്തെറ്റ് പരിഗണിക്കരുത്) ഭൃത്യന്റെ പണി / ഭൃത്യയുടെ പണി /ഭൃത്യരുടെ പണി സംബന്ധികാ തൽപ്പുരുഷൻ	 ½ + ½
(ii)	കാലമാകുന്ന അഹി – രൂപകതൽപ്പുരുഷൻ/ രൂപകസമാസം /തൽപ്പുരുഷൻ.	½ +

	(കാലം എന്ന അഹി – നിർദ്ദേശികാതൽപ്പുരുഷൻ– എന്ന് എഴുതിയാലും മാർക്ക് നൽകണം)	½
(e)	**പര്യായം** [ഏതെങ്കിലും രണ്ടെണ്ണം ശരിയാക്കിയാൽ മുഴുവൻമാർക്കും നൽകണം. അല്ലെങ്കിൽ ആനുപാതികമായി മാർക്ക് നൽകാ൦] (i) മഞ്ഞ്–തുഷാരം, തുഹിനം, നീഹാരം, പ്രാലേയം, ഹിമം, മിഹിക,അവശ്യായം, (ii) പാൽ – ക്ഷീരം, പയസ്സ്, ദുഗ്ദ്ധം,	(1) (1)
(f)	**നാനാർത്ഥം** [ഏതെങ്കിലും രണ്ടെണ്ണം ശരിയാക്കിയാൽ മുഴുവൻ മാർക്കും നൽകാം. അല്ലെങ്കിൽ ആനുപാതികമായി മാർക്ക് നൽകാ൦] (i) ആഗമം–വരവ്, വന്നുചേരൽ, ഉൽപത്തി,വേദം, ശാസ്ത്രം,തന്ത്രം, ഒരു സന്ധിയുടെ പേര്, രേഖ, രസീത്,ആധാരം, പരമ്പരാപ്രാപ്തമായ ജ്ഞാനം,സ്മൃതി. (ii) നിമിത്തം–കാരണം, ലക്ഷ്യം, ലക്ഷണം, ശകുനം, അടയാളം	(1) (1)
(g)	**തെറ്റു തിരുത്തുക :–** തെറ്റു മനസ്സിലാക്കി പൂർണ്ണമായി തിരുത്തുന്നതിന് മുഴുവൻ മാർക്ക്. ഭാഗികമായാൽ ആനുപാതികമായി മാർക്ക് നൽകാം. വാക്യത്തിൽ പുതിയ തെറ്റുകൾ സൃഷ്ടിച്ചാൽ ആനുപാതികമായി മാർക്കു കുറയ്ക്കണം. (i) ആകാശത്തിന്റെ ഇരുട്ടിൽ ***അകലെ/ ദൂരെ*** എവിടെയോ വിടരുന്ന പുലരിയുടെ സൂചന. (ii) തന്റെ ആ നിശ്ചയം നിറവേറ്റുവാൻ അവൾ ***ഭീമനെ*** പ്രോൽസാഹിപ്പിച്ചു. **OR** തന്റെ ആ നിശ്ചയം നിറവേറ്റുവാൻ അവൾ ഭീമനാൽ പ്രോൽസാഹിപ്പിക്കപ്പെട്ടു . **OR** തന്റെ ആ നിശ്ചയം നിറവേറ്റുവാൻ അവളാൽ ഭീമൻ പ്രോത്സാഹിപ്പിക്കപ്പെട്ടു. (അർത്ഥവ്യത്യാസം ഉണ്ടാകുന്നു എങ്കിലും വാക്യഘടന ശരിയാക്കിയതിനു മാർക്ക് കൊടുക്കണം.)	(1) (1)

5 (a)	**വിപരീതപദം എഴുതുക**	
(i)	ശുദ്ധം X അശുദ്ധം	½
(ii)	ആകർഷണം X വികർഷണം	½
(b)	**അർത്ഥവ്യത്യാസം എഴുതുക**	
(i)	മേധം – യാഗം മേധ– ബുദ്ധി	¼ + ¼
(ii)	അണു – അത്യൽപം അണി– കൂട്ടം	¼ + ¼
(c)	**എതിർലിംഗം എഴുതുക**	
(i)	പക്ഷിണി	½
(ii)	കവയിത്രി	½
SECTION – D – LITERATURE / ഡി വിഭാഗം		
LITERATURE **Note:- The objective of this section is to test a candidate's ability to understand, explain and interpret the prescribed text through short and long answer type questions. Hence both content and expression in answers to the given questions deserve equal importance while awarding marks. [37]**		
6 (a) (i)	ശ്രീരാമപട്ടാഭിഷേകം മുടങ്ങിയതറിഞ്ഞ്	½
(ii)	കുമാരനാശാൻ	½
(iii)	സർഗ്ഗശക്തി	½
(iv)	വിദേശത്തു നിർമ്മിച്ച അമ്മയുടെ ബിംബം	½
(v)	അമ്മത്തൊട്ടിൽ	½

6 b)		
(i)	കാമദേവൻ	½
(ii)	നമുക്കു പപ്പാതിയെടുക്കാം, അക്കൽക്കോട്ടിൽ പോയി സിനിമകാണാം എന്നോ രണ്ടും ഒരുമിച്ചോ, നമുക്കു പപ്പാതിയെടുക്കാം എന്നോ, അക്കൽക്കോട്ടിൽ പോയി സിനിമകാണാം എന്നോ എഴുതിയാൽ മാർക്കു നൽകാം.	½
(iii)	ഒ.വി.വിജയൻ	½
(iv)	ഭാഗീരഥീകച്ചരത്തിൽ ഋഷികളോടുകൂടി ഇരുന്നരുളുന്ന കൃഷ്ണദ്വൈപായനന്റെ അടുത്ത്	½
(v)	തന്റെ ഭാര്യയുടെ നടപടിദൂഷ്യം കണ്ടുപിടിയ്ക്കാൻ ആ മടയന് പതിനേഴ് കൊല്ലം വേണ്ടിവന്നല്ലോ എന്നോർത്തിട്ട്	½
6. **തന്നിരിക്കുന്ന ചോദ്യങ്ങൾക്കുള്ള ശരിയായ ഉത്തരങ്ങൾക്ക് മുഴുവൻ മാർക്കും നൽകാം. എല്ലാ ഉത്തരങ്ങളുടെയും ആമുഖമായി ഗ്രന്ഥകാരനെയും കൃതിയെയും കുറിച്ച് സൂചനയുണ്ടായിരിക്കണം. അതിന് ½ മാർക്ക് നിശ്ചയിച്ചിരിക്കുന്നു.**		
6 (a)	ആമുഖം : കർത്താവ് : എഴുത്തച്ചൻ പാഠം : ലക്ഷ്മണസാന്ത്വനം	
(i)	ഇഹലോക സുഖങ്ങൾ മിന്നൽപ്പിണർ പോലെ ക്ഷണികം. ചുട്ടുപഴുത്ത ലോഹത്തിൽ പതിക്കുന്ന വെള്ളത്തുള്ളി പോലെ മനുഷ്യായുസ്സും വേഗത്തിൽ നശിക്കുന്നത്. പാമ്പിന്റെ വായിലകപ്പെട്ട് ജീവിതം നഷ്ടപ്പെടുത്തിക്കഴിഞ്ഞ തവള ഭക്ഷണത്തിനാഗ്രഹിക്കുന്നതു പോലെ നിരർത്ഥകമാണ് കാലമാകുന്ന പാമ്പിന്റെ വായിലകപ്പെട്ട മനുഷ്യൻ ലൗകികസുഖഭോഗങ്ങൾ തേടുന്നത്. മക്കൾ, സുഹൃത്തുക്കൾ, സമ്പത്ത്, ഭാര്യഎന്നിങ്ങനെയുള്ള ബന്ധങ്ങളൊക്കെയും അൽപകാലത്തേക്കുമാത്രം. ക്ഷീണിതരായ വഴിയാത്രക്കാർ വഴിയമ്പലങ്ങളിൽ ഒത്തുകൂടി ക്ഷീണമകറ്റി വേർപിരിയുന്നതു പോലെയും നദിയിലൂടെ ഒഴുകിയെത്തുന്ന തടിക്കഷണങ്ങൾ ഒഴുക്കിന്റെ ഗതിയനുസരിച്ച് ഒന്നിച്ചുചേരുകയും അകലുകയും ചെയ്യുന്നതുപോലെയും ക്ഷണികമാണ് ഈ ലോകത്ത് വീടുകളിലുള്ള ജീവിതം. ഐശ്വര്യവും യൗവ്വനവുമൊന്നും ആരിലും സ്ഥിരമായി നിൽക്കില്ല.	4

	രാഗദ്വേഷമദമാത്സര്യാദികൾ കൊണ്ടു നിറഞ്ഞ ഈ ലോകവും സ്വപ്നസമാനമത്രേ.	
(ii)	ആമുഖം കർത്താവ് : വയലാർ പാഠം : അശ്വമേധം ശിരസ്സുയർത്തിപ്പായുന്ന കുതിര–സർഗ്ഗശക്തിയുടെ പ്രയാണം. ഉണർവ്വ്, ശക്തി –പ്രകൃതിയോടു മല്ലിട്ട് പരാജയപ്പെടുത്തി നേടിയ വിജ്ഞാനങ്ങൾ– സാംസ്കാരികമണ്ഡലം–കാടുകളിൽ മുത്തശ്ശിമാർ കാട്ടുപുൽത്തണ്ടു നൽകി വളർത്തിയ സർഗ്ഗശക്തിയാകുന്ന കുതിര–ചരിത്രമുറങ്ങിക്കിടക്കുന്ന മണ്ണിലൂടെ നൃത്തമാടിക്കൊണ്ട് പാഞ്ഞപ്പോൾ അഹന്ത മുഴുത്ത രാഷ്ട്രത്തലവന്മാരുടെ കോട്ടകൊത്തളങ്ങളും വെൺകൊറ്റക്കുടകളും ഭരണകൂടങ്ങളും വീണു–സാമൂഹ്യപുരോഗതിയിൽ എഴുത്തുകാരും ചിന്തകന്മാരും വരുത്തിയ സ്വാധീനം. കുതിരയെ തളയ്ക്കാൻ ശ്രമിച്ചവർ–ദൈവം–രാജകീയോന്മത്ത സേനകൾ–വേദജ്ഞർ–കുതിരയെ വീണ്ടെടുത്ത പൂർവ്വികർ–വിശ്വവിജയികൾ, സംസ്കാരശിൽപികൾ– മനുഷ്യപുരോഗതിയുടെ ചിത്രങ്ങളാണ് അശ്വമേധം എന്ന കവിതയിലുടനീളം കാണാൻ കഴിയുന്നത്.	4
(iii)	ആമുഖം കർത്താവ് : റഫീക്ക് അഹമ്മദ് പാഠം ; അമ്മത്തൊട്ടിൽ പരിഷ്കാരത്തിന്റെ ആധിക്യത്തിൽ സംസ്കാരം നഷ്ടപ്പെടുന്നു. ആധുനികകാലത്ത് മനുഷ്യബന്ധങ്ങളുടെ ആഴങ്ങൾ നഷ്ടപ്പെടുന്നു.പുതുതലമുറ വാർദ്ധക്യത്തെ ശപിക്കുന്നു.അമ്മയെ വലിച്ചെറിയാനുള്ള അമ്മത്തൊട്ടിൽ തേടുന്ന മകൻ.–തകർന്ന ബന്ധങ്ങളുടെ നേർക്കാഴ്ച്ച. ഇന്നത്തെ പത്രങ്ങളിലും മറ്റു ദൃശ്യമാദ്ധ്യമങ്ങളിലും കാണുന്ന ദൃശ്യങ്ങളുടെ ഓർമ്മ– വാർദ്ധക്യത്തെ പുറം തള്ളുന്ന ഒരു സാമൂഹ്യവ്യവസ്ഥ ഇന്നു ശക്തമാകുന്നു. കവിയുടെ സാമൂഹ്യ പ്രതിബദ്ധത.	4
6 (b)	ആമുഖം. എഴുത്തുകാരൻ : കുട്ടികൃഷ്ണമാരാർ പാഠം : യുദ്ധത്തിന്റെ പരിണാമം (ഭാരതപര്യടനം)	

(i)	യുദ്ധം തുടങ്ങും മുൻപുതന്നെ എങ്ങനെയാണ് യുദ്ധം ചെയ്യേണ്ടതെന്ന് ഇരുപക്ഷവും തീരുമാനിച്ചുറപ്പിച്ചിരുന്നു. വളരെ ശക്തമായ നിബന്ധനകളോടെയാണ് കുരുക്ഷേത്ര യുദ്ധം ആരംഭിക്കപ്പെട്ടത്.യുദ്ധത്തിന്റെ ആദ്യദിനങ്ങളിൽ ഈ നിബന്ധനകൾ അക്ഷരംപ്രതി പാലിക്കപ്പെടുകയും ചെയ്തു. പിന്നെപ്പിന്നെ അവ കുറേശ്ശെ ലംഘിക്കപ്പെട്ടു തുടങ്ങി. കൗരവരും പാണ്ഡവരും ഇക്കാര്യത്തിൽ ഒരേപോലെയായിരുന്നു.അഭിമന്യു, ഭീഷ്മർ, ദ്രോണർ, കർണ്ണൻ .ദുര്യോധനൻ എന്നിവരെല്ലാം വീഴ്ത്തപ്പെട്ടത് യുദ്ധധർമ്മങ്ങൾ ലംഘിക്കപ്പെട്ടതുകൊണ്ടാണ്. മഹാഭാരതയുദ്ധത്തിന്റെ വിജയികളായ പാണ്ഡവർക്ക് അവർ നേടിയ വിജയം പൂർണ്ണമായും യുദ്ധധർമ്മങ്ങൾ പാലിച്ച് നേടിയ വിജയം എന്ന് അവകാശപ്പെടാനാവില്ല. അതുകൊണ്ടാണ് അതിനെ 'വല്ലപാടും നേടിയ വിജയം' എന്ന് ലേഖകൻ പരാമർശിക്കുന്നത്.	4
(ii)	ആമുഖം. എഴുത്തുകാരൻ : ഒ.വി. വിജയൻ പാഠം : കടൽത്തീരത്ത് മൗനങ്ങളുടെ ഹൃദ്യമായ ആവിഷ്കാരമാണ് കടൽത്തീരത്ത് എന്ന കഥയെ ശ്രദ്ധേയമാക്കുന്ന ഒരു പ്രധാന ഘടകം. ദു:ഖം ഘനീഭവിച്ചുനിൽക്കുന്ന ഒരന്തരീക്ഷം ഈ കഥയിലുണ്ട്.ആ അവസ്ഥയെ മനോഹരമായി ആവിഷ്കരിക്കാൻ മൗനവും അപൂർണ്ണവാക്യങ്ങളും കഥാകൃത്ത് സമർത്ഥമായി ഉപയോഗിച്ചിരിക്കുന്നു. വായനക്കാരന് തന്റേതായ രീതിയിൽ അനുഭവങ്ങളെ വ്യാഖ്യാനിക്കാനാവും വിധമാണതിന്റെ വളർച്ച. വെള്ളായിയപ്പന്റെ യാത്രയിലുടനീളം ഉള്ള സംഭവങ്ങളിൽ ഇതുകാണാം. യാത്രയുടെ ആരംഭത്തിലെ നിലവിളി, വെള്ളായിയുടെ ദു:ഖം ഗ്രാമത്തിന്റെ ദു:ഖമായി മാറ്റുന്നു.പിന്നെ മരയ്ക്കാർ, നീലിമണ്ണാത്തി, തുടങ്ങിയവരുമായുള്ള സംഭാഷണങ്ങളിലും ഇങ്ങനെ മൗനത്തെ വാചാലമാക്കി അവതരിപ്പിക്കുന്നു.രണ്ടുവാക്കുകൾ മാത്രം...അതിലെ സാന്ത്വനത്തിന്റെ നിറവ്...തുടർന്ന് അച്ഛന്റെയും മകന്റെയും കുളിയനുഭവത്തിലും ജയിലിലെ കൂടിക്കാഴ്ചയിലുമൊക്കെ ഇതേ മൗനത്തിന്റെ ആവിഷ്കാരമുണ്ട്. 'രണ്ടു വാക്കുകൾക്കിടയിൽ,ദു:ഖത്തിൽ മൗനത്തിൽ അച്ഛനും മകനും അറിവുകൾ കൈമാറുന്നു. മകനെ തൂക്കിലേറ്റുന്നതെന്തിനെന്നു പോലുമറിയാത്ത പിതാവ്. 'മകനെ നീ കൊന്നോ?' എന്നു ചോദിക്കുമ്പോഴും ഒട്ടെറെ	4

	കഥകൾ മകനോടു ചോദിക്കാതെ ബാക്കി വെയ്ക്കുന്നു. മകനും അച്ഛനോട് വിവരിക്കാൻ കഴിയാത്ത ഒരു ആശയലോകം ഹൃദയത്തിൽ സൂക്ഷിക്കുകയാണ്. ചുരുക്കത്തിൽ ഈ കഥയിലുടനീളം ശക്തമായ ഹൃദയ വികാരങ്ങൾ അതിശക്തമായ മൗനത്തിന്റെ ആവിഷ്കാര ത്തിലൂടെയാണ് കഥാകൃത്ത് അവതരിപ്പിച്ചിരിക്കുന്നതെന്നു കാണാൻ കഴിയും.	
(iii)	ആമുഖം. എഴുത്തുകാരൻ : ശരൺകുമാർ ലിംബാളെ പാഠം :അക്കർമാശി മഹർ എന്ന പിന്നാക്കജാതിയിൽ ജനിച്ച ശരൺകുമാർ ലിംബാളെ അനുഭവിച്ച നരകതുല്യമായ ജീവിതം..പട്ടിണിയും ദാരിദ്ര്യവും.ശാന്താമുത്തശ്ശി, കുമാർമാമ എന്നിവരോടൊ ത്തുള്ള ജീവിതം..പഴയസാധനങ്ങൾ പെറുക്കി വിറ്റും പഴക്കച്ചവടം നടത്തിയും ജീവിതം..ചവറുകൂമ്പാരങ്ങളിൽ കയ്യിട്ടിളക്കുമ്പോൾ മനുഷ്യമലം വരെ കിട്ടിയ കഥകൾ. മിഠായിയുടെ വർണ്ണക്കടലാസ് കാണുമ്പോൾ വായിൽ വെള്ളമൂറും..ഒരു നല്ലകടലാസ് കിട്ടിയാൽ അതു നിവർത്തി വായിക്കും.. ചവറുകളിൽ നിന്നു പെറുക്കിക്കൂട്ടുന്ന കീറക്കട ലാസ്സും വിശപ്പും തൂക്കിനോക്കിയാൽ വിശപ്പിന്റെ ഭാഗം താഴും..തങ്ങൾ തൂക്കിവിൽക്കുന്ന ചവറിന്റെ തൂക്കം പോലും തങ്ങൾക്കില്ലെന്ന തിരിച്ചറിവ്,,ചപൾഗാവിലെ സ്കൂൾവിദ്യാഭ്യാസം. ബോർഡിംഗ് സ്കൂളിൽ ചായകുടിക്കു ന്നതു പോലെയുള്ള ശീലങ്ങൾ നഷ്ടമായത്.. ബുദ്ധമത ത്തിന്റെ സ്വാധീനം.. അറുപതുപൈസ ബസുകൂലി കൊടുക്കാനില്ലാത്തതിനാൽ നാലുമൈൽ നടന്നു അവനെക്കാണാനെത്തിയിരുന്ന സാന്താമായി. ഒരിക്കൽ ബസ്സ്റ്റാൻറിൽനിന്നു കളഞ്ഞുകിട്ടിയ വാറുപൊട്ടിയ ചെരിപ്പുമായി ലിംബാളെയെ കാണാനെത്തിയ സാന്താമായി അതു തയ്പ്പിക്കാൻ ശ്രമിച്ചപ്പോൾ മഹർജാതിക്കാരന്റെ ചെരുപ്പ് തയ്ക്കാൻ ചെരുപ്പു കുത്തി തയ്യാറാവാത്തത്, വാറുപൊട്ടിയ ചെരിപ്പിട്ടു നടന്നപ്പോൾ പെണ്ണുങ്ങളുടെ ചെരിപ്പെന്ന പരിഹാസം, മുപ്പതുരൂപ കളഞ്ഞു കിട്ടിയ സംഭവവും അതു തിരികെയേൽപ്പിച്ച് അദ്ധ്യാപകനിൽ നിന്നും അഭിനന്ദനം എറ്റുവാങ്ങിയതുമായ ഓർമ്മകൾ.	4
7	**[ചട്ടമ്പി സ്വാമികൾ – ഏതെങ്കിലും രണ്ടെണ്ണത്തിന്]** ആമുഖം അദ്ദേഹത്തെ നിലത്തെഴുത്താശാൻ തിരുമധുരപ്പേട്ട രാമൻപിള്ളയുടെ കളരിയിലെത്തിച്ചു. പ്രായംകൂടിയവനും	

(i)	അതിബുദ്ധിമാനുമായ കുഞ്ഞൻപിള്ള ക്ലാസ്സിലെ മോണിട്ടർ അഥവാ 'ചട്ടമ്പി' ആയി നിയോഗിക്കപ്പെട്ടു. നിരവധി ചുമതലകൾ... ആശാൻ ഇല്ലാത്തപ്പോൾ കുട്ടികളെ ചട്ടം (നിയമങ്ങൾ) പാലിപ്പിക്കുക, വിദ്യാർത്ഥികളെ നിയന്ത്രിക്കുക, നടപടികൾ കൈകാര്യം ചെയ്യുക, പാഠങ്ങൾ പഠിപ്പിക്കുക എന്നീ ചുമതലകൾ. ഈ ചട്ടംപിള്ള സ്ഥാനം പിൽക്കാലത്ത് ചട്ടമ്പി എന്ന പേരിൽ അറിയപ്പെടാൻ കാരണമായി. **OR**	4 X2 =8
(ii)	ആമുഖം ലളിതമായ വേഷം-ലളിതമായ ജീവിതശൈലി..എല്ലാ ജീവികളോടും സ്നേഹം- പാവപ്പെട്ടവന്റെ കുടിലിൽ നിന്ന് ആഹാരം -തുറസ്സായ സ്ഥലത്ത് കിടക്കുക- സന്യാസി ചിഹ്നങ്ങൾ ഇല്ലാത്ത വേഷം- സാധാരണക്കാരോട് ഇടപെടുന്നത്- ഒരു ഗ്രാമീണന്റെ രീതി- കുട്ടികളുടെ കളിക്കൂട്ടുകാരൻ- ഉയർന്നവനും താഴ്ന്നവനും ഒരുപോലെ- സ്ത്രീപുരുഷസമത്വചിന്ത- ജാതിമതചിന്തകൾക്ക് അതീതൻ-ശുദ്ധത പാലിക്കുന്ന ഏതു കുടുംബത്തിലും തങ്ങുന്ന പ്രകൃതം. **OR**	
(iii)	ആമുഖം ജീവിതാവസാനം മനസ്സിലാക്കിയ ചട്ടമ്പിസ്വാമികൾ നേരത്തെ സഞ്ചരിച്ചിരുന്ന സ്ഥലങ്ങളിലെല്ലാം ഒന്നുകൂടെ സഞ്ചരിച്ചു.-ശിഷ്യനായ കുമ്പളത്തുശങ്കുപ്പിള്ളയുടെ അരികിലെത്തി-രോഗങ്ങൾ,വയറ്റുവേദന,അതിസാരം. നാരായണഗുരു സ്വാമിയുടെ സന്ദർശനം-പന്മനയിലെ സി.പി.പി. വായനശാലയിൽ വിശ്രമം- കൊല്ലത്തേക്കുള്ള ക്ഷണം-മെയ് 5 നു ശേഷം വന്നേക്കാം എന്നറിയിക്കുന്നു. 1924 മെയ് 5 നു ഉച്ചകഴിഞ്ഞ് സ്വാമി കുമ്പളത്തു ശങ്കുപ്പിള്ളയ്ക്കൊപ്പം ഇരിക്കുമ്പോൾ ശിഷ്യനായ പണിക്കരെ വിളിക്കാൻ ആവശ്യപ്പെടുന്നു. അവരുടെ സഹായത്തോടെ സ്വാമികൾ പത്മാസനത്തിലിരുന്നു.കണ്ണുകൾ സാവധാനം അടഞ്ഞു.ഒരുമണിക്കൂർ കൊണ്ട് നയനങ്ങൾ പൂർണ്ണമായും അടഞ്ഞു. അദ്ദേഹം മഹാസമാധിയിലായി.	

Expert Committee

Name	School code	Designation	Signature
• Sri. James Jacob	07209	Co-ordinator	
• Sri. Satheesh Babu. T.D	06565	Member	
• Sri. Suresh. K	07240	Member	
• Smt. Hemalatha . N	06514	Member	

Jayasankar Prasad
Principal

Sree Vivekananda Memorial Public School

Aralummoodu , School code : 07523